**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**തിരുവനന്തപുരം , നടപടിക്രമം**

---

വിഷയം:- ആവഡ- പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ ജിതേന്ദ്രൻ .ബി .വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM )340/2025 നം.കേസിന്മേലുള്ള 04/4/2025-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. OA(EKM )340/2025 നം.കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ-ന്റെ 4/4/2025-ലെ ഉത്തരവ്.

2. പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ ജിതേന്ദ്രൻ .ബി .വി സമർപ്പിച്ച Annexure 15 പ്രകാരമുള്ള 17/3/2025 ലെ നിവേദനം.

**ഉത്തരവ് നം: ഇ.ബി 4-318/2025/ആവ തീയതി: 29-04-2025**

---

പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ. ജിതേന്ദ്രൻ ബി.വി കോഴിക്കോട് ജനറൽആശുപത്രിയിൽ സ്ഥലമാറ്റം ലഭിക്കുന്നതിനായി OA(EKM)

340/2025 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിന്മേൽ പരാമർശം 1 പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിയിൽ അപേക്ഷകൻ സമർപ്പിച്ച Annexure. 15 പ്രകാരമുള്ള നിവേദനം പരിഗണിക്കുവാൻ നിർദേശിച്ചിരിക്കുന്നു.

2. ആരോഗ്യ വകുപ്പിൽ 2025 വർഷത്തിൽ online transfer അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. 2025 വർഷത്തിൽ SPARK മുഖേനെ ജനറൽ ട്രാൻസ്ഫർ അപേക്ഷ ഡോ. ജിതേന്ദ്രൻ ബി.വി സമർപ്പിച്ചിട്ടുണ്ട്. പരാമർശം 2 പ്രകാരം (Annexure. 15) off-line അപേക്ഷയാണ് ടിയാൻ സമർപ്പിച്ചിരിക്കുന്നത്. താഴെ പറയുന്ന വാദങ്ങളാണ് Annexure. 15-ൽ അപേക്ഷകൻ ഉന്നയിച്ചിരിക്കുന്നത്.

' 2024 ലെ പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിച്ച സമയത്ത് Community Health Centre, Valayam ഓപ്ഷൻ ആയി സമർപ്പിച്ചത് ഒരു പ്രിന്റിങ് മിസ്റ്റേക്ക് ആയിരുന്നു. കോഴിക്കോട് ജനറൽ ആശുപത്രി ആയിരുന്നു തന്റെ 2nd ഓപ്ഷൻ. എന്നാൽ 2024 പൊതുസ്ഥലംമാറ്റത്തിൽ ആയത് പരിഗണിക്കാതിരുന്നതിനെ തുടർന്ന് OA(EKM ) 51/2025 നമ്പർ കേസ് താൻ ഫയൽ ചെയതിരുന്നു. തന്റെ higher ഓപ്ഷൻ പരിഗണിച്ച് സ്ഥലംമാറ്റം അനുവദിച്ചതിനാലും കോഴിക്കോട് ജനറൽ ആശുപത്രിയിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ ഒഴിവ് ഇല്ലാത്തതിനാലും തന്റെ അപേക്ഷ നിരസിച്ചിരുന്നു. തന്റെ വിരമിക്കൽ തീയതി പരിഗണിച്ച് 2025-ലെ പൊതു സ്ഥലം മാറ്റത്തിൽ കോഴിക്കോട് ജനറൽ ആശുപത്രിയിൽ ഇനി വരുന്ന ഒഴിവിൽ തന്നെ പരിഗണിക്കണമെന്നാണ് Annexure 15 ഹർജിയിലെ ആവശ്യം.

3 .മേൽപ്പറഞ്ഞ വാദഗതികൾ വിശദമായി പരിശോധിച്ചു

ഹർജിക്കാരന്റെ Annexure 15 നിവേദനം 2025 ലെ പൊതുസ്ഥലംമാറ്റത്തിൽ കോഴിക്കോട് ജനറൽ ആശുപത്രിയിലേക്കുള്ള സ്ഥലംമാറ്റത്തിനായി സ്പാർക് പ്രകാരം ലഭ്യമായ മറ്റ് അപേക്ഷകളോടൊപ്പം പരിശോധിച്ചു. അപേക്ഷകൾ

പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനത്തിലേക്ക് വിരമിക്കുന്നതിനു 2 വർഷത്തിന് താഴെയുള്ള ഹർജിക്കാരൻ സഹിതം താഴെപ്പറയുന്ന 2 മെഡിക്കൽ ഓഫീസർമാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

1. ഡോ ജിതേന്ദ്രൻ .ബി .വി ,CHC Valayam ,കോഴിക്കോട്

( വിരമിക്കൽ തീയതി - 31/3/2026)

2.ഡോ.സുചരിത.എം.എം,കണ്ണൂർ(വിരമിക്കൽ തീയതി 30/9/2026)

4.. മേൽ അപേക്ഷകളിൽ ഡോ. സുചരിത. എം എം 12/02/2021 മുതൽ തുടർച്ചയായി കണ്ണൂർ ജില്ലയിൽ ആണ് സേവനമനുഷ്ഠിക്കുന്നത്. ഡോ ജിതേന്ദ്രൻ.ബി.വി.നിലവിൽ കോഴിക്കോട് ജില്ലയിൽ തന്നെ സേവനമനുഷ്ഠിക്കുന്നതിനാൽ ഡോ. സുചരിത. എം എം ആണ് കോഴിക്കോട് ജനറൽ ആശുപത്രിയിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലേക്ക് ട്രാൻസ്ഫർ ലഭിക്കുന്നതിന് കൂടുതൽ അർഹതയുള്ള മെഡിക്കൽ ഓഫീസർ. ഈ സാഹചര്യത്തിൽ ഡോ ജിതേന്ദ്രൻ .ബി.വി സമർപ്പിച്ച Annexure 15 പ്രകാരമുള്ള നിവേദനം പരിഗണിക്കുവാൻ കഴിയുകയില്ല. ആയത് നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലുള്ള മെഡിക്കൽ ഓഫീസർമാരുടെ 2025 ലെ പൊതുസ്ഥലംമാറ്റത്തിനുള്ള കരട് ലിസ്റ്റ് പ്രത്യേകമായി പബ്ലിഷ് ചെയ്യുന്നതാണ്.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM)340/2025 നമ്പർ കേസിന്മേലുള്ള പരാമർശം വിധിന്യായം ഇപ്രകാരം അനുപാലിച്ച് ഉത്തരവാകുന്നു.

Signed by
Reena K J
Date: 29-04-2025 17:06:15
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

1. ഡോ ജിതേന്ദ്രൻ .ബി .വി ,ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ് ), CHC Valayam ,കോഴിക്കോട്.

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ ,എറണാകുളം (ആമുഖ കത്ത് സഹിതം ).
2. ജില്ലാ മെഡിക്കൽ ഓഫീസർ ,കോഴിക്കോട്.